(ബി) ആത്മഹത്യാ നിരക്ക് കുറച്ചുകൊണ്ട് വരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) കേരളത്തിലെ ആത്മഹത്യാനിരക്ക് ദേശീയ ശരാശരിയേക്കാൾ ഏകദേശം മൂന്നിരട്ടി കൂടുതലാണ്. (ദേശീയ ആത്മഹത്യാനിരക്ക് 11.2/1,00,000 ജനം, കേരളത്തിലെ ആത്മഹത്യാ നിരക്ക് 29.7/1,00,000 ജനം)

(ബി) (1) ആത്മഹത്യകളുടെ മുഖ്യ കാരണം മനോരോഗങ്ങളാണെന്നാണ് സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്. ആയതിനാൽ സംസ്ഥാനത്തെ മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലേയും 14 ജില്ലാ ആശുപത്രികളിലേയും മനോരോഗ ചികിൽസാ സൗകര്യങ്ങൾ വർധിപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ 15 താലൂക്കാശുപത്രികളിൽകൂടി മനോരോഗ ചികിൽസാ സൗകര്യം ഏർപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(2) കേരള ഇന്റഗ്രേറ്റഡ് സ്കീം ഫോർ ഇന്റർവെൻഷൻ ഇൻ സൂയിസൈഡ് (KRISIS) എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാന സർക്കാർ 2003-2004-ൽ നടപ്പിലാക്കി. ഈ പദ്ധതിയുടെ ഭാഗമായി ആത്മഹത്യാ പ്രവണതയുള്ളവരെ കണ്ടെത്താനും ആരംഭദശയിൽ തന്നെ ആവശ്യമായ ചികിൽസയും നിർദ്ദേശങ്ങളും നൽകുവാനും ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(3) തിരുവനന്തപുരത്തും തൃശ്ശൂരും പ്രവർത്തിക്കുന്ന ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി ആത്മഹത്യാ പ്രതിരോധത്തെപ്പറ്റിയും മനോരോഗ ചികിത്സയെപ്പറ്റിയും ബോധവൽക്കരണ പരിപാടി നടത്തിവരുന്നു.

(4) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും സൈക്യാട്രി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ആത്മഹത്യാ പ്രതിരോധ ക്ലിനിക്കുകൾ നടത്തിവരുന്നു.

(5) കൗൺസിലിംഗിലൂടെയും അടിയന്തിര ഘട്ടങ്ങളിൽ ടെലിഫോണിലൂടെ സഹായം നൽകിയും ഈ രംഗത്ത് പ്രവർത്തിക്കുവാൻ സന്നദ്ധ സംഘടനകളെ പ്രേരിപ്പിക്കുന്നുണ്ട്.

(6) വയനാട് ജില്ലയിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യ കണക്കിലെടുത്ത് ആത്മഹത്യാ പ്രതിരോധ ബോധവൽക്കരണ പരിപാടികളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നതിനുമായി വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽനിന്ന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1208/04/ആകുവ. തീയതി 22-4-2004 പ്രകാരം 6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പി.ജി. കോഴ്സുകൾക്ക് മെഡിക്കൽ കൗൺസിൽ അംഗീകാരം ലഭ്യമാക്കാൻ നടപടി

160 [2653] ശ്രീ. ആര്യാടൻ മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ജി. കോഴ്സിന് അംഗീകാരം ലഭിക്കുവാൻ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആരംഭിച്ചശേഷം ഏതെല്ലാം മെഡിക്കൽ പി. ജി. കോഴ്സിന് അംഗീകാരം ലഭിച്ചിട്ടുണ്ട്:

(സി) ഏതെല്ലാം കോഴ്സുകൾക്ക് അപേക്ഷിച്ചിട്ടും അംഗീകാരം ലഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഫിസിക്കൽ മെഡിസിൻ എം.ഡി, ഫിസിക്കൽ മെഡിസിൻ ഡിപ്ലോമ എന്നീ കോഴ്സുകൾക്ക് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം നേടിയെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) 1982-ൽ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ പരിശോധനയ്ക്കുശേഷം ഫിസിക്കൽ മെഡിസിൻ എം.ഡി., ഡിപ്ലോമ എന്നീ കോഴ്സുകൾ നടത്താൻവേണ്ട മതിയായ സൗകര്യങ്ങൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലഭ്യമാണെന്ന് സ്ഥിരീകരിച്ചിട്ടും സർക്കാർ എന്തുകൊണ്ടാണ് മതിയായ ഫീസ് മെഡിക്കൽ കൗൺസിലിൽ അടച്ച് അംഗീകാരം നേടാതിരുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്ന് ഫിസിക്കൽ മെഡിസിനിൽ എം.ഡി.യും ഡിപ്ലോമയും പാസ്സായി ഇറങ്ങുന്നവർക്ക് പ്രസ്തുത കോഴ്സുകൾക്ക് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമില്ലാത്തതിനാൽ സൂപ്പർ സ്പെഷ്യാലിറ്റിക്കോ, പി.ജി. ആവശ്യമുള്ള ജോലിക്കോ അപേക്ഷിക്കാൻ കഴിയാതിരിക്കുന്നത് കണക്കിലെടുത്ത് പ്രസ്തുത കോഴ്സുകൾക്ക് മെഡിക്കൽ കൗൺസിൽ അംഗീകാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു പി.ജി. വിദ്യാർത്ഥിക്ക് ഒരു പി. ജി. അദ്ധ്യാപകൻ, മെഡിസിൻ, സർജറി, ഗൈനക്കോളജി ഒഴിച്ചുള്ള സ്പെഷ്യാലിറ്റികൾക്ക് 30 ബഡ്ഡുള്ള ഒരു യൂണിറ്റ്, മെഡിസിൻ, സർജറി, ഗൈനക്കോളജി എന്നീ സ്പെഷ്യാലിറ്റികൾക്ക് 60 ബഡ്ഡുള്ള യൂണിറ്റ്, ഓരോ സ്പെഷ്യാലിറ്റിക്കും അതിനുവേണ്ടതായിട്ടുള്ള ഉപകരണങ്ങളും മറ്റ് ഭൗതിക സജ്ജീകരണങ്ങളും, കൂടാതെ ലൈബ്രറി, ഹോസ്റ്റൽ എന്നിവയാണ് മെഡിക്കൽ കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽപ്പെടുന്നത്.

(ബി) അംഗീകാരം ലഭിച്ച കോഴ്സുകൾ ചുവടെ ചേർക്കുന്നു:

എം.ഡി. അനസ്തേഷ്യ

എം.ഡി. ബയോകെമിസ്ട്രി

എം.ഡി. ഡെർമറ്റോളജി

എം.ഡി. ജനറൽ മെഡിസിൻ

എം.ഡി. മൈക്രോ ബയോളജി

എം.എസ്. ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി

LIBRARY ARCHIVES Kerala Legislative Assembly

എം.ഡി. പാത്തോളജി
എം.ഡി. ഫാർമക്കോളജി
എം.ഡി. ഫിസിയോളജി
എം.ഡി. പീഡിയാട്രിക്സ്
എം.ഡി. സൈക്യാട്രി
എം.ഡി. റേഡിയോ ഡയഗ്നോസിസ്
എം.ഡി. റേഡിയോതെറാപ്പി
എം.ഡി. കമ്മ്യൂണിറ്റി മെഡിസിൻ
എം.ഡി. ടി.ബി. ആന്റ് റെസ്പിറേറ്ററി മെഡിസിൻ
എം.ഡി. അനാട്ടമി
എം.എസ്. ഇ.എൻ.ടി.
എം.എസ്. ജനറൽ സർജറി
എം.എസ്. ഓഫ്താൽമോളജി
എം.എസ്. ഓർത്തോപീഡിക്സ്
ഡിപ്ലോമ ഇൻ അനസ്തേഷ്യ
ഡിപ്ലോമ ഇൻ ചൈൽഡ് ഹെൽത്ത്
ഡിപ്ലോമ ഇൻ ലാറിങ്കോളജി ആന്റ് ഓങ്കോളജി
ഡിപ്ലോമ ഇൻ റേഡിയോ ഡയഗ്നോസിസ്
ഡിപ്ലോമ ഇൻ ഓബ്സ്ട്രട്രിക്സ് ആന്റ് ഗൈനക്കോളജി
ഡിപ്ലോമ ഇൻ ഓഫ്താൽമോളജി
ഡിപ്ലോമ ഇൻ ഓർത്തോപീഡിക്സ്
ഡിപ്ലോമ ഇൻ സൈക്യാട്രിക് മെഡിസിൻ
ഡിപ്ലോമ ഇൻ പബ്ലിക് ഹെൽത്ത്
ഡിപ്ലോമ ഇൻ ട്യൂബർകുലോസിസ് ആന്റ് ചെസ്റ്റ് ഡിസീസ്.

(സി) അംഗീകാരം ലഭിക്കാത്ത കോഴ്സുകൾ താഴെപറയുന്നവയാണ്:

(1) എം.ഡി. ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ
(2) ഡിപ്ലോമ ഇൻ ക്ലിനിക്കൽ പാത്തോളജി
(3) ഡിപ്ലോമ ഇൻ റേഡിയോ തെറാപ്പി
(4) ഡിപ്ലോമ ഇൻ സൈക്യാട്രിക് മെഡിസിൻ.

(ഡി) എം.ഡി.ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷനും, ഫിസിക്കൽ മെഡിസിൻ ഡിപ്ലോമയ്ക്കും അംഗീകാരത്തിനായി ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ വിഭാഗം മേധാവിയുടെ അഭ്യർത്ഥന പ്രകാരം കേരള സർവകലാശാല രജിസ്ട്രാർ മുഖാന്തിരം മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യക്ക് നിർദ്ദേശങ്ങൾ സമർപ്പിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരികയാണ്.

(എഫ്) നടപടി സ്വീകരിച്ചുവരുന്നു.

അർബുദ 'പഠനവിഭാഗം' സ്ഥാപിക്കുവാൻ കേന്ദ്രസർക്കാർ നൽകിയ ധനസഹായം

161 [2654] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ അർബുദ പഠനവിഭാഗം സ്ഥാപിക്കുവാൻ കേന്ദ്രസർക്കാർ നൽകിയിട്ടുള്ള ധനസഹായത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക ഇതേവരെ ചെലവഴിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത തുക ഉദ്ദേശിച്ച കാര്യത്തിന് ചെലവഴിക്കാതെ വകമാറ്റി ചെലവഴിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇതിനായി കേന്ദ്രസർക്കാർ 1.80 കോടി രൂപ ധനസഹായം അനുവദിച്ചിരുന്നു.

(ബി ആന്റ് സി) കോബാൾട്ട് തെറാപ്പി മിഷ്യൻ, റേഡിയേഷൻ മോണിറ്ററിംഗ് കാലിബറേഷൻ കമ്പ്യൂട്ടറൈസ്ഡ് ട്രീറ്റ്മെന്റ് പ്ലാനിംഗ് സിസ്റ്റം എന്നീ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി 1,79,82,670 രൂപ ചെലവഴിച്ചു.

(ഡി) വകമാറ്റി ചെലവഴിച്ചിട്ടില്ല.

കോഴിക്കോട് മെഡിക്കൽ കോളേജിലെ ഒഴിഞ്ഞുകിടക്കുന്ന ക്വാർട്ടേഴ്സുകൾ

162 [2655] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ ക്വാർട്ടേഴ്സുകൾ ഉപയോഗയോഗ്യമല്ലാതായി നശിച്ചുപോകുന്നതും അനാശാസ്യ പ്രവർത്തനങ്ങളുടെ കേന്ദ്രമായി മാറുന്നു എന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര ക്വാർട്ടേഴ്സുകളാണ് ഇവിടെയുള്ളത്; ഇതിൽ എത്രയെണ്ണം ഒഴിഞ്ഞുകിടക്കുന്നു;

(സി) ഏതുവർഷം മുതലാണ് ഈ ക്വാർട്ടേഴ്സുകൾ ഒഴിഞ്ഞുകിടക്കുന്നത്;

(ഡി) ക്വാർട്ടേഴ്സ് അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly